**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് – സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്

സൂചന. 1. ശ്രീ. ദേവദാസ്.കെ, ഏറാട്ട് വീട്, എലന്തപ്പാടം കൊട്ടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024**

മേൽ സൂചന (1) പ്രകാരം ശ്രീ. ദേവദാസ്.കെ, ഏറാട്ട് വീട്, എലന്തപ്പാടം കൊട്ടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിൽ നിർമിച്ച വീടിന് കെട്ടിടനമ്പർ അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമര്‍പ്പിച്ചിരുന്നു.

കൊട്ടുവായൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോര്‍ട്ട് പ്രകാരം നടവഴിയും കെട്ടിടത്തിന്റെ ചുമരും തമ്മിൽ 2 മീ അകലം പാലിക്കുന്നു. എങ്കിലും ഈ ഭാഗത്ത് Open Stair Case സ്ഥാപിച്ചിട്ടുണ്ട്. ആയതും നടവഴിയും തമ്മിൽ 1.45 മീ മാത്രമേ ഉള്ളൂ.ടി നടവഴി പഞ്ചായത്ത് റോഡുകളെ ബന്ധിപ്പിക്കുന്നതിനാൽ ചട്ടം 23(2) ബാധകമാണ്.

RULE 26(10) Provided also that flight of steps or ramps all open to sky, with or without parapets or railing meant as access to upper or lower floors shall be permitted in the open space if such stair, step or ramp has min 0.6 m distance from the boundaries. Rule 26(10) പാലിക്കപ്പെടുന്നുണ്ട്.

എന്നാൽ 23(2) - Provided that in the case of cul-de-sac of whatever width but not exceeding 250m length or pedestrian lanes and streets upto avg 3m width or internal roads with streets of whatever width within or leading to any residential colony it shall be suffient if the distance between the plot boundary abutting the street and building is 2m for building up to 7m height -പ്രകാരം ***distance between plot boundary abutting the street and building*** പാലിക്കുന്നില്ല.

ശ്രീ. ദേവദാസ്സിന് വാർഡ് 14 ൽ 1/UA നമ്പർ അനുവദിച്ചിട്ടുണ്ട്.

അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം നിയമാനുസൃതം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങള് റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ. ദേവദാസ്.കെ, ഏറാട്ട് വീട്, എലന്തപ്പാടം കൊട്ടുവായൂർ